# ഒരു യോജിച്ച സമീപനം

സുവിശേഷത്തിന്റെ യോജിപ്പ് മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവയിലുള്ളതിനെ കാലനിർണ്ണയ ക്രമത്തിൽ ആക്കുവാൻ ശ്രമിക്കുന്നു. ജോൺ കാർട്ടെർ നിർവ്വചിച്ച ഒരു ''യോജിപ്പ്'' എന്നത് "സുവിശേഷത്തിലെ രേഖകളെ, നമ്മുടെ അറിവിന്റെയും അതിൽ നിന്നുള്ള തീർച്ചയുടെയും ക്രമത്തിൽ ഏർപ്പെടുത്തിയിരിക്കുകയും, അതു [യേശുവിന്റെ] ജീവിതത്തിലുള്ള സംഭവങ്ങൾ നടന്ന ക്രമത്തിലുള്ളതും, ഒരുമിച്ച് പഠിക്കാൻ കഴിയേണ്ടതിന് വിവരണങ്ങളെ താരതമ്യപ്പെടുത്തിയിരിക്കുന്നതുമായ പ്രവൃത്തിയെയാണ്."[1] "യോജിപ്പ്" എന്ന വാക്ക് സൂചിപ്പിക്കുന്നതുപോലെ, നാല് വിവരണങ്ങളെയും *യോജിപ്പിക്കേണ്ട*തിനുള്ള ഒരു പരിശ്രമമാണത്.

അതൊരു എളുപ്പ പ്രവൃത്തിയല്ല. അൻപതുകളിൽ കോളേജ് കോഴ്സിൽ ഞാൻ ചേർന്നിരുന്നപ്പോൾ "ക്രിസ്തുവിന്റെ" ജീവിതം, എന്ന വിഷയത്തെ ഒ.ജെ. ഡബ്ളിയു. റോബെർട്സ് പഠിപ്പിച്ചതിൽനിന്ന് എനിക്കതു മനസ്സിലായി. ഓരോ വിദ്യാർത്ഥിക്കും പുതിയ നിയമത്തിന്റെ ആദ്യ നാലു പുസ്തകങ്ങളുടെ രണ്ടുസെറ്റു കൂടാതെ യേശുവിന്റെ ജീവിതത്തെ കുറിച്ചു തിരുവെഴുത്തുപ്രകാരം ക്രമപ്പെടുത്തിയ/അതിനോടു യോജിക്കുന്ന ഒരു ബാഹ്യരൂപരേഖയും നൽകിയിരുന്നു. ഞങ്ങളുടെ യോജിപ്പ് വ്യക്തമാക്കുന്ന വിധത്തിൽ ഓരോ ഭാഗവും ബുക്ക്ലെറ്റിൽ നിന്ന് മുറിച്ച് എടുത്ത് പേപ്പറിൽ ഒട്ടിക്കുക എന്നതായിരുന്നു ചുമതല. ആ ചെറിയ ഓരോ വേദഭാഗവും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുക എന്നത് എന്തൊരു ഉത്തരവാദിത്വമായിരുന്നു!

ആ യോജിപ്പ് ഉണ്ടാക്കുവാൻ വിഷമം നേരിട്ടതിന്റെ മുഖ്യകാരണം ദൈവശ്വാസീയ എഴുത്തുകാർക്ക് യേശുവിന്റെ ജീവചരിത്രം കാല നിർണ്ണയപ്രകാരം നൽകാതിരിക്കണം എന്ന ലക്ഷ്യമുള്ളതുകൊണ്ടായിരുന്നു. മറിച്ച്, അവരുടെ ഉദ്ദേശം അവൻ ദൈവപുത്രനാണെന്നും രക്ഷക്കുള്ള ഏക പ്രത്യാശ അവനാണെന്നും വായനക്കാരെ ധരിപ്പിക്കുന്ന രീതിയിൽ അവന്റെ ജീവിതത്തെ ക്രമപ്പെടുത്തുക എന്നതായിരുന്നു.[2]

ക്രിസ്തുവിന്റെ ജീവിതത്തിന് പല ഭാഗങ്ങളുണ്ടെന്ന് തീർച്ചയാണ്: അവന്റെ ജനനവും ആരംഭ ജീവിതവും, അവന്റെ ശുശ്രൂഷയും, അവന്റെ മരണത്തോടെ അവസാനിക്കുന്ന യെരുശലേമിലെ അവസാന ആഴ്ച്ചയും, കൂടാതെ അവന്റെ ഉയർത്തെഴുന്നേൽപ്പും ആരോഹണവും ആണ് അവ. ആ ഭാഗങ്ങളിൽ, എങ്ങനെയായാലും, സംഭവങ്ങളുടെ ക്രമത്തിൽ എപ്പോഴും നമുക്കു തീർച്ച ഉണ്ടാവില്ല. പ്രത്യേകിച്ച്, ''അവന്റെ ശുശ്രൂഷ'' യുടെ വിപുലമായ ഭാഗത്തിൽ അത് വാസ്തവമാണ്.

ഒരു വിവരണത്തിലെ *അതേ* സംഭവം തന്നെയാണോ മറ്റൊരു വിവരണത്തിലുള്ളത് അല്ലെങ്കിൽ മറ്റേതെങ്കിലും സമയത്തും സ്ഥലത്തും നടന്ന *അതുപോലെയുള്ള* ഒരു സംഭവമാണോ എന്ന കാര്യത്തിൽ നമുക്ക് എപ്പോഴും ഉറപ്പില്ല എന്നതാണ് യോജിപ്പിലെ മറ്റൊരു വെല്ലുവിളി.[3]

ഒരു യോജിപ്പ് ഉണ്ടാക്കുന്നതിൽ ഉള്ള ബുദ്ധിമുട്ട് കാരണം, ചിലർ

വിചാരിക്കുന്നത് അതിനുള്ള ശ്രമം പോലും നടത്തരുത് എന്നാണ്. സുവിശേഷത്തിന്റെ യോജിപ്പിൽ ചുരുങ്ങിയത് രണ്ടു കാരണങ്ങൾ കൊണ്ട് മൂല്യം ഉള്ളതായി കാണുന്നതുകൊണ്ട്, ആ തീർച്ചപ്പെടുത്തലിനോട് മിക്ക പണ്ഡിതന്മാരും വിയോജിക്കുന്നു. ഒന്നാമത്, ഒരു സുവിശേഷ വിവരണ ത്തിലെ രേഖകൾ കൂടുതൽ വിവരണങ്ങൾ ചേർത്തുകൊണ്ട്, പലപ്പോഴും മറ്റൊന്നിലെ വിവരണരേഖയെ "പുറം തള്ളുന്നു." രണ്ടാമത്, നാല് രേഖകളും കൂട്ടിച്ചേർത്താൽ മറ്റൊരു തരത്തിലും ലഭിക്കാത്ത ഒരു കാഴ്ച്ചപ്പാട് യേശുക്രിസ്തുവിനെ കുറിച്ചു നമുക്കു ലഭിക്കും. എഫ്. ലാഗാർഡ് സ്മിത്ത് പറഞ്ഞു, ''നാല് വ്യത്യസ്ത വിവരണങ്ങളെ യോജിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ ഏതൊരു വ്യക്തിപരമായ കാഴ്ച്ചപ്പാടും നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്നത് … ആ സന്ദർഭത്തിലെ തന്നെ ഓരോ സംഭവങ്ങളുടെയും പ്രാധാന്യത്തെ കുറിച്ചു പ്രശംസിക്കത്തക്ക രീതിയിൽ പുതിയ അവബോധം ജനിപ്പിക്കുന്നതിലൂടെയാണ് കൂടുതൽ പ്രാധാന്യമുള്ളതാകുന്നത്"[4] ഏ. റ്റി. റോബെർട്ട്സൺ എഴുതി,

> ഒരു യോജിപ്പ് എന്നത് … യേശുക്രിസ്തുവിന്റെ ജീവിതത്തെ ഗൗരവമായി പഠിക്കുന്നതിനു വേണ്ട പ്രധാനപ്പെട്ട പുസ്തകമാണ്. … യേശുക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്ന സമാനമായതും എല്ലാഘട്ടങ്ങളും അടങ്ങുന്നതുമായ രേഖകളിൽ നിന്നുള്ള അറിവിന്റെ വെളിച്ചം ആ യോജിപ്പിനെ വായിക്കാത്ത ഒരാളെ അത്ഭുതപ്പെടുത്തുന്നതാണ്.[5]

**ഉപസംഹാരം**

ഒരിക്കൽ ഞാൻ എഴുതി, ''ഓരോരുത്തരും യേശുവിനെ പോലെ ആകണം എന്നതാണ് സഭയുടെ ഏറ്റവും വലിയ ആവശ്യം. അവന്റെ ജീവിതത്തെ കുറിച്ചുള്ള ഒരു വർഷത്തെ പഠനം ചുരുങ്ങിയത് ആരംഭം മാത്രമേ ആകുന്നുള്ളൂ.'' ഞാൻ പ്രത്യാശിക്കുന്നത് ഈ പരമ്പര വിദ്യാർത്ഥികൾക്ക് അനേകം ബൈബിൾ ക്ലാസുകളിലും കേൾവിക്കാർക്ക് അനേകം ആരാധനകളിലും പ്രയോജനപ്പെടും എന്നാണ്. എല്ലാറ്റിലും ഉപരി, *നിങ്ങളുടെ* ജീവിതത്തെ ഇത് അനുഗ്രഹിക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

ഡേവിഡ് റോപ്പർ

---

കുറിപ്പുകൾ

[1]ജോൺ ഫ്രാങ്ക്ലിൻ കാർട്ടെർ, *എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്വിലേ: ബ്രോട്മാൻ പ്രെസ്, 1961), vii. [2]"നാലു സുവിശേഷ വിവരണങ്ങൾ" എന്ന പാഠത്തിൽ ഈ സത്യം കൂടുതൽ വിശദമാക്കിയിട്ടുണ്ട്. [3]ഈ വെല്ലുവിളിയുടെ ബന്ധത്തിൽ രേഖകളിൽ എപ്പോഴും ഒരേ പോലെയുള്ള വിവരണങ്ങൾ കാണുകയില്ല എന്നതാണ് വസ്തുത. ആ "പ്രശ്നം" "നാലു സുവിശേഷ വിവരണങ്ങൾ" എന്ന പാഠത്തിൽ പറയുന്നുണ്ട്. [4]എഫ്. ലാഗാർഡ് സ്മിത്ത്, *ദ നറേറ്റഡ് ബൈബിൾ ഇൻ ക്രൊണോളൊജിക്കൽ ഓർഡർ* (യൂജീൻ, ഒരേഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ളിഷേഴ്സ്, 1984), 1351. [5]ഏ. റ്റി. റോബെർട്ട്സൺ, *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഫോർ സ്റ്റുഡൻസ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഹാർപ്പർ & റോ, 1950), viii.